ഭരണഭാഷ- മാതൃഭാഷ

## ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

സാന്നിദ്ധ്യം: ശ്രീലത ഇ എസ്

വിഷയം :- പൊതുവിദ്യാഭ്യാസം- ജീവനം - അന്തർജില്ലാ സ്ഥലംമാറ്റം 2024-25- എച്ച് എസ് റ്റി ഹിന്ദി തസ്തിക - ആലപ്പുഴ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു :-

പരാമർശം:-

1) സ ഉ (എം എസ് )94/2003/പൊ വി വ തിയതി 23/04/2003
2) സ ഉ (പി )നം 42/2012/ഉ.പ.ഭ.വ തിയതി 23/08/2012
3) പൊ വി ഡയറക്ടറുടെ 26/11/2024 ലെ ഡി ജി ഇ 24296 /2024-എ 1 നമ്പർ സർക്കുലർ
4) പൊ വി ഡയറക്ടറുടെ 27 /12 /2024 ലെ ഡി ജി ഇ 20836 /2024-എ 1 നമ്പർ സർക്കുലർ
5) അദ്ധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ
6) പൊതുസ്ഥലംമാറ്റ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റ്
7) ഈ കാര്യാലയത്തിലെ 10/02/2025 ലെ ഇതേ നം നടപടി ഉത്തരവ്
8) പൊ വി ഡയറക്ടറുടെ 27/03/2025 ലെ ഡി ജി ഇ /20836/2024-എ 1 നമ്പർ കത്ത്

### ഉത്തരവ് നമ്പർ ഡി.ഡി.ഇഎ എൽ പി /295/2025-എ 4,തീയതി :28-03-2025

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3), (4) സർക്കുലർ പ്രകാരം ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിലേയ്ക്കുള്ള 2024-25 വർഷത്തെ എച്ച് എസ് റ്റി ഹിന്ദി അദ്ധ്യാപകരുടെ ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോറിറ്റിയും പ്രയോറിറ്റിയും പരിഗണിച്ച് ചുവടെ ചേർത്തിരിക്കുന്ന അദ്ധ്യാപികയെ അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന സ്കൂളിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകി നിയമിച്ച കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു

അന്തർജില്ലാ സ്ഥലം മാറ്റം ലഭിക്കുന്ന അദ്ധ്യാപിക ആലപ്പുഴ ജില്ലയിൽ എച്ച് എസ് റ്റി ഹിന്ദി തസ്തികയിൽ ഏറ്റവും ജൂനിയറായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ എന്ന് അംഗീകരിക്കുന്ന ഒരു സത്യപ്രസ്താവന ടി അദ്ധ്യാപികയിൽ നിന്ന് വാങ്ങി സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിച്ച് ചേർത്തതിനു ശേഷം മാത്രം വിടുതൽ ചെയ്യാൻ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്

അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ പരിഗണിച്ചുള്ള സ്ഥലംമാറ്റം ആകയാൽ സ്ഥലംമാറ്റ ഉത്തരവ് യാതൊരു കാരണവശാലും റദ്ദ് ചെയ്യുന്നതല്ല. അന്തർജില്ലാ സ്ഥലം മാറ്റം

അനുവദിക്കപ്പെട്ട അദ്ധ്യാപിക വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടെ സ്വന്തം ജില്ലയിൽ നിന്ന് വിടുതൽ ചെയ്ത് പരാമർശം (8) ലെ നിർദേശം പ്രകാരം 30/04/2025 നകം പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ സ്വീകരിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപിക പരാമർശം (2) ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ നിരീക്ഷണകാലം ആരംഭിച്ച് പൂർത്തീകരിക്കേണ്ടതാണ്

അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് ഏതെങ്കിലും സാഹചര്യത്തിൽ ബോധ്യപ്പെടുകയാണെങ്കിൽ മുൻകൂർ നോട്ടീസ് നൽകാതെ അനുവദിക്കപ്പെട്ട സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതാണ്

| ക്രമ നം | പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂളും , ജില്ലയും | സ്ഥലംമാറ്റം അനുവദിക്കുന്ന സ്കൂളിൻറെ പേര് | റിമാർക്സ് |
|---|---|---|---|---|---|
| 1 | സംഗീത ഡി | എച്ച് എസ് റ്റി ഹിന്ദി | ഒറ്റപ്പാലം ഈസ്റ്റ് ഗവ എച്ച് എസ് എസ് , പാലക്കാട് | ഗവ എച്ച് എസ് എസ് മംഗലം | |

ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ പ്രവേശന റിപ്പോർട്ട് യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പരാമർശം (7) പ്രകാരം തയ്യാറാക്കിയ എന്നാൽ പ്രസിദ്ധപ്പെടുത്താതിരുന്ന നടപടി ഉത്തരവ് റദ്ദാക്കുക കൂടി ചെയ്യുന്നു .

വിദ്യാഭ്യാസ ഉപഡയറക്ടർ

ആലപ്പുഴ

Signed by Sreelatha E S
Date: 28-03-2025 14:55:35

സ്വീകർത്താവ്

1) വിദ്യാഭ്യാസ ഉപഡയറക്ടർ , പാലക്കാട്
2) പ്രഥമാദ്ധ്യാപിക, ഒറ്റപ്പാലം ഈസ്റ്റ് ഗവ എച്ച് എസ് എസ്
3) ശ്രീമതി സംഗീത ഡി (എച്ച്.എം മുഖേന)
4) പ്രഥമാദ്ധ്യാപകൻ , ഗവ എച്ച് എസ് എസ് മംഗലം
5) കരുതൽ ഫയൽ